LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ചുള്ള സാമൂഹ്യ ആഘാത പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്. ഏറ്റെടുക്കൽ നടപടികളിൽ മറ്റ തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാമൂഹ്യാഘാതപഠനം നടത്തുന്നതിന് യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, എറണാകുളം എന്ന ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. സാമൂഹ്യാഘാത പഠന റിപ്പോർട്ട് ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് വിദഗ്ധ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പാലങ്ങൾക്ക് ഭൂമി ഏറ്റെടുക്കൽ

316(4326) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ്, പടനിലം, നടമ്മൽകടവ് എന്നീ പാലങ്ങൾക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ട് എത്ര വർഷം വീതമായി എന്ന് വ്യക്തമാക്കാമോ?

തൊണ്ടിലക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട അർത്ഥന 31-1-2017-ലാണ് ലഭിച്ചിട്ടുള്ളത്. പടനിലം പാലം അനുബന്ധറോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലിനുള്ള അർത്ഥന ലഭിച്ചത് 27-10-2018 തീയതിയിലും, ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചത് 31-1-2019 തീയതിയിലുമാണ്. നടമ്മൽക്കടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പുതിയ ആക്ട് പ്രകാരമുള്ള ഫോറം നമ്പർ 2-ലുള്ള അർത്ഥന ലഭിച്ചത് 9-11-17-ലാണ്.

(ബി) അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാത്തത് കാരണം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ തുടങ്ങാൻ കഴിയാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓരോ പാലത്തിന്റെ കാര്യത്തിലും ഭൂമി പൊതുമരാമത്ത് വകുപ്പിന് എന്ന് കൈമാറാൻ സാധിക്കുമെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

തൊണ്ടിലക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 29-6-2019 തീയതിയിലും, 11(1) 16/6/2020 തീയതിയിലും, 19(1) പ്രഖ്യാപനം 9-7-2021 തീയതിയിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. നടമ്മൽക്കടവ് പാലം അനുബന്ധറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 24-10-2019 തീയതിയിലും 11(1) വിജ്ഞാപനം 27-10-2020 തീയതിയിലും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ചപ്പോൾ, പരാതിക്കാർ പുറമ്പോക്ക് കൈവശം വക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് പുറമ്പോക്കിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികളാണ് നടന്നു വരുന്നത്. ആയത് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പടനിലം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട 4(1) വിജ്ഞാപനം 14-10-2019 തീയതിയിലും 11(1) വിജ്ഞാപനം 7-7-2020 തീയതിയിലും 19(1) പ്രഖ്യാപനം 04-11-2020 തീയതിയിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതാണ്. മേൽ പദ്ധതികൾക്കായി LARR Rules 2015 ചട്ടം 4(6) പ്രകാരമുള്ള നഷ്ടപരിഹാരത്തുക അർത്ഥനാധികാരി കെട്ടിവച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറക്ക് നടപടിക്രമങ്ങൾ പാലിച്ച് സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

പള്ളിക്കമണ്ണടി പാലത്തിനായുള്ള സ്ഥലമേറ്റെടുക്കൽ

317(4327) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഇത്തിക്കരയാറിന് കുറുകെ ആദിച്ചനല്ലൂർ, ചാത്തന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിർദ്ദിഷ്ട പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ റവന്യൂ വകുപ്പിലെ ലാൻഡ് അക്വിസിഷൻ വിഭാഗം ഇതിനകം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് പ്രകാരം ആരംഭിച്ചിട്ടുണ്ട്.

(ബി) സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

PWD Roads, സബ് ഡിവിഷൻ, കൊല്ലം അർത്ഥനാധികാരിയായിട്ടുള്ള ഈ പദ്ധതിക്കുവേണ്ടി കൊല്ലം ജില്ലയിലെ മീനാട്, ആദിച്ചനല്ലൂർ എന്നീ വില്ലേജുകളിൽ നിന്നായി 55.32 ആർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. LARR Act, 2013 പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 4(1) വിജ്ഞാപനം 16-7-2021-ലെ 2107-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതും സാമൂഹ്യ പ്രത്യാഘാത പഠനം നടന്നുവരുന്നതുമാണ്.